LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

2010 ഡിസംബർ 22, ബുധൻ

നിയമസഭ 2010 ഡിസംബർ മാസം 22-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളന കാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i). വാണ്മുലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....ചോദ്യം നമ്പർ: *31.

പാലോളി കമ്മിറ്റിയുടെ ശിപാർശകൾ

*(*31) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സച്ചാർ കമ്മീഷൻ ശിപാർശകൾ കേരളത്തിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച കാര്യങ്ങൾക്കായി ശ്രീ. പാലോളി മുഹമ്മദ് കുട്ടിയുടെ നേതൃത്വത്തിൽ നിയമിതമായ കമ്മിറ്റി എന്തെല്ലാം ശിപാർശകളാണ് സമർപ്പിച്ചത്;

(ബി) ഇവയിൽ ഏതെല്ലാം നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനുവേണ്ടി സംസ്ഥാന ബജറ്റിൽനിന്നും എത്ര രൂപ ഏതെല്ലാം ഇനത്തിൽ ഇതിനകം ചെലവഴിച്ചു;

(ഡി) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ രൂപീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സർ,

(എ) സച്ചാർ കമ്മീഷൻ ശിപാർശകൾ കേരളത്തിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠിച്ച് ശിപാർശകൾ സമർപ്പിക്കാൻ രൂപീകരിച്ച പ്രസ്തുത കമ്മിറ്റി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ എട്ട് ഭാഗങ്ങളിലായി 83 ശിപാർശകൾ ചേർത്തിട്ടുണ്ട്. അതിൽ അടിയന്തിര പ്രാധാന്യത്തോടെ പരിഗണിക്കേണ്ട പത്ത് ശിപാർശകൾ റിപ്പോർട്ടിന്റെ ഒമ്പതാം ഭാഗത്ത് പ്രത്യേകം ചേർത്തിട്ടുള്ളത് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ന്യൂനപക്ഷ വികസന സ്പെഷ്യൽ ഓഫീസറെ വകുപ്പദ്ധ്യക്ഷനാക്കി ക്കൊണ്ട് ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപീകരിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. ജില്ലാതലത്തിൽ ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എല്ലാ കളക്ടറേറ്റുകളിലും ഡെപ്യൂട്ടി കളക്ടറുടെ (ജനറൽ) കീഴിൽ ഓരോ ക്ലാർക്ക് തസ്തിക വീതം സൃഷ്ടിക്കുകയും പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുകയും ചെയ്തു. ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങളുടെ ഏകോപനത്തിനും പാലോളി കമ്മിറ്റി ശിപാർശകൾ നടപ്പിലാക്കുന്നതിനും സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിന്റെ കീഴിൽ ന്യൂനപക്ഷ സെൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്കായി ഇതിനകം 48 തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. മദ്രസ്സാദ്ധ്യാപകർക്ക് ക്ഷേമനിധി പെൻഷൻ ഏർപ്പെടുത്തി അംഗത്വ വിതരണ നടപടികൾ പുരോഗമിക്കുന്നു. ക്ഷേമനിധിയിലേക്ക് സർക്കാർ വിഹിതമായി 10 കോടി രൂപ അനുവദിച്ചു. ന്യൂനപക്ഷ പാക്കേജായ മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാം കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, എറണാകുളം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽക്കൂടി നടപ്പാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ബിരുദ/ബിരുദാനന്തര/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന മുസ്ലീം പെൺകുട്ടികൾക്ക് സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് എന്നിവ ഏർപ്പെടുത്തി കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പാക്കിവരുന്നു. അഭ്യസ്തവിദ്യരായ മുസ്ലീം യുവജനതയ്ക്ക് സിവിൽ സർവ്വീസ്, യു.പി.എസ്.സി., പി.എസ്.സി., ബാങ്കിംഗ് സർവ്വീസ്, എൻട്രൻസ് തുടങ്ങിയ മത്സര പരീക്ഷകൾക്കുള്ള ഹ്രസ്വകാല പരിശീലനങ്ങൾ നൽകുന്നതിന് സംസ്ഥാനത്ത് അഞ്ച് പരിശീലന കേന്ദ്രങ്ങൾ അനുവദിക്കുകയും അവയിൽ മുന്നെണ്ണം പ്രവർത്തനം തുടങ്ങുകയും ചെയ്തു. പെൺകുട്ടികൾക്കായി ടോയ്ലറ്റുകളില്ലാത്ത തീരദേശത്തെ 606 സർക്കാർ സ്കൂളുകളിൽ ജലലഭ്യത ഉറപ്പുവരുത്തി പെൺകുട്ടികൾക്ക് ഉപയുക്തമായ ടോയ്ലറ്റുകൾ ശുചിത്വ മിഷന്റെ സഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തത നില-നിൽക്കുന്ന മുസ്ലീം കേന്ദ്രീകൃത പ്രദേശങ്ങളെക്കുറിച്ചുള്ള വിവരശേഖരണം നടത്തുന്നതിനുള്ള കമ്മിറ്റികൾ എല്ലാ ജില്ലകളിലും രൂപീകരിച്ച് വിവരശേ ഖരണം നടത്തിവരുന്നു. സംവരണ നഷ്ടം സംബന്ധിച്ച പ്രശ്നത്തിൽ നിലവിലുള്ള സ്ഥിതി പരിശോധിച്ചുവരുന്നു. സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും മുസ്ലീങ്ങൾ ഉൾപ്പെടെയുള്ള മറ്റ് പിന്നോക്ക വിഭാഗക്കാരുടെ പ്രാതിനിധ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഉന്നതാധികാര കമ്മിറ്റി വിലയിരുത്തുന്നുണ്ട്. ദഖ്നി, കച്ചി-മേമൻ എന്നീ വിഭാഗങ്ങളെ സംവരണ വിഭാഗത്തിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. തീരപ്രദേശങ്ങളിലും മലയോരപ്രദേശങ്ങളിലുമുള്ള മുസ്ലീം കേന്ദ്രീകൃത പ്രദേശങ്ങളുടെ സമഗ്ര വികസനത്തിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് മുന്നോടിയായി ജില്ലയിലെ തീരപ്രദേശങ്ങളിലും മലയോര പ്രദേശങ്ങളിലുമുള്ള മുസ്ലീം കേന്ദ്രീകൃത പ്രദേശങ്ങളെക്കുറിച്ചുള്ള വിവരം ലഭ്യമാക്കുവാൻ എല്ലാ ജില്ലാ കളക്ടർമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. അലിഗർ മുസ്ലീം സർവ്വകലാശാലയുടെ ഓഫ് കാമ്പസ് മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനം ആരംഭിച്ചു. പാലോളി കമ്മിറ്റി ശിപാർശ പ്രകാരമുള്ള പദ്ധതികളുടെ നടത്തിപ്പ്, കാലാകാലങ്ങളിലുള്ള പുരോഗതി അവലോകനം എന്നിവയ്ക്കായി ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സംസ്ഥാനതല കമ്മിറ്റിയും ജില്ലാതല കമ്മിറ്റികളും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(സി) കളക്ടറേറ്റുകളിലെ ന്യൂനപക്ഷ ക്ഷേമ സെക്ഷന്റെ പ്രവർത്തനത്തിന് 15,26,904 രൂപയും സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് വിതരണത്തിന് 3,17,56,602 രൂപയും പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് 16,10,153 രൂപയും മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതിക്കായി 10,39,97,663 രൂപയും ന്യൂനപക്ഷ വികസന സ്പെഷ്യൽ ഓഫീസറുടെ ഓഫീസ് പ്രവർത്തനങ്ങൾക്ക് 2,79,912 രൂപയും ഉൾപ്പെടെ 13,91,71,234 രൂപ ഇതിനകം ചെലവഴിച്ചു. ഈ വർഷം (2010-2011) ന്യൂനപക്ഷ ക്ഷേമത്തിനായി 13 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) ന്യൂനപക്ഷ വികസന സ്പെഷ്യൽ ഓഫീസറെ വകുപ്പദ്ധ്യക്ഷനാക്കി ക്കൊണ്ട് സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമവകുപ്പ് രൂപീകരിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. വകുപ്പ് രൂപീകരണത്തിന്റെ ഭാഗമായി എട്ട് പുതിയ തസ്തികകൾകൂടി സൃഷ്ടിക്കുന്നതാണ്.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉദ്യോഗങ്ങളിൽ ന്യൂനപക്ഷങ്ങളുടെ കുറവ് നരേന്ദ്രൻ കമ്മീഷൻ കണ്ടെത്തിയിരുന്നു. സച്ചാർ കമ്മിറ്റി ശിപാർശകളിലും ഇത് വിശദമായി പറയുകയുണ്ടായി. പരിഹാരമായി ഇത്തരം നിയമനങ്ങൾക്കായുള്ള ഇന്റർവ്യൂ ബോർഡിൽ ന്യൂനപക്ഷ സമുദായ പ്രതിനിധികളെ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. കേരളത്തിൽ ഇത് പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, അതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായിട്ടാണ് അത് പരിശോധിച്ച് വരുന്നത്. പരിശോധിച്ചു കഴിഞ്ഞ് റിപ്പോർട്ട് കിട്ടിയാൽ അതിന്റെ നടപടികൾ ആരംഭിക്കുന്നതാണ്.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, പാലോളി കമ്മിറ്റി അടിയന്തിരമായി നടപ്പിലാക്കുന്നതിന് ശിപാർശ ചെയ്ത 10 കാര്യങ്ങളിൽ ഒന്നായിരുന്നു കേന്ദ്ര ഗവൺമെന്റിന്റെ ന്യൂനപക്ഷ ക്ഷേമ പദ്ധതിയിൽ വയനാടിന് പുറമെ മറ്റ് ജില്ലകളെ-ക്കൂടി ഉൾപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റുമായി കൂടിയാലോചന നടത്തുക എന്നത്. ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വയനാട്ടിൽ ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതിയുടെ പുരോഗതി എന്തായെന്നും വിശദീകരിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, സംസ്ഥാനത്ത് ഒരു ജില്ല മാത്രമാണ് കേന്ദ്ര ഗവൺമെന്റ് എടുത്തത്. മറ്റ് 6 ജില്ലകളെക്കൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. പി. ടി. എ. റഹീം: സർ, പാലോളി കമ്മീഷൻ ശിപാർശ അനുസരിച്ച് 14 കോടി രൂപ സംസ്ഥാന ഗവൺമെന്റ് ചെലവഴിച്ചുവെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കാൻ കേന്ദ്രം എത്ര രൂപയാണ് ഇതുവരെയായി നൽകിയത്; പണം നൽകിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, സച്ചാർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിന് വേണ്ടിവരുന്ന ചെലവ് പൂർണ്ണമായും സംസ്ഥാന ഗവൺമെന്റാണ് വഹിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ ഒരു ഫണ്ടും ഇതിലില്ല.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, സച്ചാർ കമ്മീഷൻ ശിപാർശ അനുസരിച്ച് പിന്നോക്ക ന്യൂനപക്ഷ കേന്ദ്രങ്ങളിൽ തൊഴിലധിഷ്ഠിത സ്ഥാപനങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിരുന്നു. കണ്ണൂർ ജില്ലയിലെ പിണറായിയിൽ ഒരു ഐ.ടി.ഐ. തുടങ്ങാൻ നിർദ്ദേശം ഉണ്ടായിരുന്നു. അത് തുടങ്ങിക്കാണുന്നില്ല. എന്താണ് അതിന്റെ ഇന്നത്തെ സ്ഥിതി?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, മുസ്ലീം പിന്നോക്ക പ്രദേശങ്ങളിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുന്നതിനുവേണ്ട പ്രവർത്തനം നടത്തണമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി അതത് ജില്ലാ കളക്ടർമാരെ നിയോഗിച്ചു. അവർ റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അത് കിട്ടിയാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എ. എ. അസീസ്: സർ, കമ്മിറ്റി ശിപാർശ നടപ്പാക്കുന്നതിന് ആസ്ഥാനമായി തെരഞ്ഞെടുത്തിട്ടുള്ളത് കോഴിക്കോടാണ്. തിരു-കൊച്ചി മേഖലയിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം ഇതിൽ ഏതെങ്കിലും ജില്ലയിൽ ഒരു ആസ്ഥാനംകൂടി ആരംഭിക്കുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, തുടക്കത്തിൽ കോഴിക്കോട് കേന്ദ്രമാക്കി പ്രവർത്തിക്കാനാണ് തീരുമാനിച്ചത്. രണ്ടുമൂന്ന് സെന്ററുംകൂടി വരുന്ന മുറയ്ക്ക് തെക്കുഭാഗത്ത് എവിടെങ്കിലും കേന്ദ്രം കണ്ടെത്തി പ്രവർത്തനം ആരംഭിക്കുന്നതിന് ശ്രമിക്കുന്നതാണ്.

ശ്രീ. പി. സി. ജോർജ്: സർ, മദ്രസ നവീകരണ പരിപാടിയുടെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പണം രണ്ട് വർഷം ട്രഷറിയിൽ കെട്ടിക്കിടന്നു. അങ്ങയുടെ അനുവാദത്തോടുകൂടി സഭയിൽ സബ്മിഷൻ ഉന്നയിച്ചപ്പോഴാണ് എ.എസ്. കൊടുത്തത്. ഇപ്പോഴും പൂർണ്ണമായി കൊടുത്തിട്ടില്ല. ഇതുസംബന്ധിച്ച് അസംബ്ലിയിൽ ചോദ്യമുണ്ടായിരുന്നു. മദ്രസ്സാദ്ധ്യാപക ക്ഷേമ നിധി ഉൾപ്പെടെ പൂർണ്ണമായി നടപ്പാക്കാൻ കഴിഞ്ഞില്ലെന്ന് മാത്രമല്ല സച്ചാർ കമ്മീഷൻ റിപ്പോർട്ട് ഇവിടെ കിടക്കുമ്പോൾ ആ റിപ്പോർട്ടിന് വേറൊരു പാലോളി കമ്മിറ്റിയുണ്ടാക്കി. ആ കമ്മിറ്റി മുസ്ലീം സമുദായത്തോടും മറ്റ് മത സ്ഥരോടും ഇതെപ്പറ്റി അഭിപ്രായം ചോദിക്കുന്നതിന് പകരം, പ്രധാനപ്പെട്ട കാര്യം മുസ്ലീം ലീഗിന്റെ പാണക്കാട് തങ്ങൾ ഉൾപ്പെടെയുള്ള നേതാക്കന്മാരോട് പോലും അഭിപ്രായം ചോദിക്കാതെ അങ്ങേക്ക് സൗകര്യം പോലെ ഒരു റിപ്പോർട്ടുണ്ടാക്കി ഈ സച്ചാർ കമ്മീഷൻ റിപ്പോർട്ട്.....

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച ഒരു കമ്മിറ്റിയാണ് സച്ചാർ കമ്മിറ്റി. ശ്രീ. രവീന്ദ്രനാഥ് സച്ചാർ, അദ്ദേഹം ഇന്ത്യയിലെ മുസ്ലീങ്ങളുടെ പിന്നോക്കാവസ്ഥയെ സംബന്ധിച്ചും എല്ലാ

സംസ്ഥാനങ്ങളിലുമുള്ള സ്ഥിതിഗതികളെ സംബന്ധിച്ചും പഠിച്ച് ഒരു റിപ്പോർട്ടാണ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചത്. ആ റിപ്പോർട്ടിൽ കേരളത്തെ സംബന്ധിച്ചും പരാമർശിക്കുന്നുണ്ട്. അതിൽ എടുത്തുപറഞ്ഞിട്ടുള്ള ഒരു കാര്യം ഇന്ത്യയിലെ മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് തുലോം ഭേദപ്പെട്ട സ്ഥിതിയിലാണ് കേരളത്തിലെ മുസ്ലീം ന്യൂനപക്ഷങ്ങൾ എന്നാണ്. എന്നാലും കേരളത്തിൽ ആ വിഭാഗത്തെ സംബന്ധിച്ച് കുറേ പ്രശ്നങ്ങളുണ്ട് എന്ന് മനസ്സിലാക്കി അത് പരിഹരിക്കുന്നതിനുവേണ്ടി ഇവിടെ എന്ത് ചെയ്യണമെന്ന് ആലോചിക്കാൻ വേണ്ടിയാണ് ഈ കമ്മിറ്റി രൂപീകരിച്ചത്. അതിന്റെ അടിസ്ഥാനത്തിലാണ് 14 ജില്ലകളിലും ആ കമ്മിറ്റി തെളിവെടുപ്പ് നടത്തിയത്. ഏതാണ്ട് 100-ൽപ്പരം സംഘടനകളുടെ നിവേദനങ്ങൾ വാങ്ങി അവരുമായി ചർച്ച ചെയ്ത് അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്. അതാണ് ഇവിടെ നടപ്പാക്കുന്നത്.

ശ്രീ. പി. ജയരാജൻ: സർ, സച്ചാർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിന് പാലോളി കമ്മിറ്റി ശിപാർശ നൽകി അതിവേഗം നടപ്പാക്കി കൊണ്ടിരിക്കുകയാണ്. സച്ചാർ കമ്മിറ്റി ശിപാർശകൾ നടപ്പാക്കുന്നതിന് ആത്മാർത്ഥമായി നടപടിയെടുത്ത ഗവൺമെന്റുകളിൽ മുൻപന്തിയിൽ നിൽക്കുന്നത് കേരളത്തിലെ ഗവൺമെന്റാണ്. ബംഗാളിലെ ഗവൺമെന്റ് അവിടത്തെ മുസ്ലീം ജനവിഭാഗങ്ങൾക്ക് തൊഴിലിൽ പത്ത് ശതമാനം സംവരണം ഏർപ്പെടുത്തിയ നടപടിയും ഈയിടെ പ്രഖ്യാപിക്കുകയുണ്ടായി. എന്റെ ചോദ്യം, പാലോളി കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ മുസ്ലീം കേന്ദ്രീകൃത പ്രദേശങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻവേണ്ട ശിപാർശ ഗവൺമെന്റ് പരിഗണിക്കുന്നുണ്ടോ, അതിന്റെ നടപടികൾ എത്രത്തോളമായിയെന്ന് വ്യക്തമാക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, ആ കമ്മിറ്റിയുടെ ശിപാർശകളിൽപ്പെട്ട ഒന്നാണ് സംസ്ഥാന ഗവൺമെന്റ് ഈ കഴിഞ്ഞ സന്ദർഭങ്ങളിൽ പിന്നോക്ക പ്രദേശങ്ങളെ ലക്ഷ്യംവച്ചുകൊണ്ട് അനുവദിക്കപ്പെട്ട സ്കൂളുകൾ. ആ പട്ടിക നിങ്ങൾ ശ്രദ്ധിച്ചിരിക്കും. അതുപോലെതന്നെ മുസ്ലീം ഭൂരിപക്ഷ മേഖല കഴിഞ്ഞ കാലത്ത് അവഗണിക്കപ്പെട്ടു എന്നതിന്റെ പേരിൽ ചില പ്രത്യേക പരിഗണന ആവശ്യപ്പെട്ടുകൊണ്ട് വന്ന നിവേദനം പരിഗണിച്ച് കഴിഞ്ഞ തവണ 41-ഓളം സ്കൂളുകൾ അനുവദിച്ചത് ജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ഇന്നും അത്തരത്തിലുള്ള ആവശ്യങ്ങൾ നിലനിൽക്കുന്നുണ്ട്. അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ തീരുമാനം.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, സച്ചാർ കമ്മിറ്റി ശിപാർശ ചെയ്ത പിന്നോക്ക ന്യൂനപക്ഷവിഭാഗ മേഖലയിൽ കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കണമെന്ന പ്രത്യേകമായ നിർദ്ദേശത്തിൽ ഇതുവരെ ഒപ്രാഫഷണൽ കോളേജുകളടക്കം ഏതെല്ലാം തരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചുവെന്നും പുതുതായി ഏതെല്ലാം പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്കൂളുകൾ, കോളേജുകൾ, തൊഴിൽ സ്ഥാപനങ്ങളുടക്കം അനുവദിക്കാൻ ഉദ്ദേശിക്കുന്നുവെന്നും അത് എന്ന് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, അതിനെ സംബന്ധിച്ചാണ് ഞാൻ പറഞ്ഞത്. ബന്ധപ്പെട്ട ജില്ലയിലെ കളക്ടർമാർ അതിന്റെ സ്ഥിതി പരിശോധിച്ച് റിപ്പോർട്ട് തരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അത് കിട്ടുന്ന മുറയ്ക്ക് സാഹചര്യമനുസരിച്ച് അനുവദിക്കുന്നതാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ പരിധിയിൽ വരുന്ന ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ സംസ്ഥാനത്ത് ഉറുദു ഭാഷ സംസാരിക്കുന്ന ഒട്ടേറെ കുടുംബങ്ങളുണ്ട്. അവരുടെകൂടി താത്പര്യം ലക്ഷ്യംവച്ചുകൊണ്ട് ഉറുദു ഭാഷയിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഐ.ടി.ഐ. പോലെയുള്ളവ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമെന്ന് പറഞ്ഞിരുന്നു. അങ്ങനെയൊരു പ്രത്യേക ഭാഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് അത്തരമൊരു സംവിധാനം ആലോചിക്കുന്നതിനെ സംബന്ധിച്ച്, കമ്മീഷൻ റിപ്പോർട്ടിന്റെ ഭാഗമായി പ്രത്യേക പരാമർശം എന്തെങ്കിലുമുണ്ടോ? അങ്ങനെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, ഈ കമ്മീഷൻ റിപ്പോർട്ടിൽ അത് ഉൾപ്പെടുത്തിയിട്ടില്ല. അത്യാവശ്യമാണെന്നുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കാം.

ശ്രീ. പി. എം. എ. സലാം: സർ, പാലോളി കമ്മിറ്റിയുടെ ശിപാർശകളിൽ പത്തെണ്ണം അതിപ്രധാനമെന്ന് പറഞ്ഞ് രേഖപ്പെടുത്തിയിരുന്നു. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ സംവരണനഷ്ടം ഇല്ലാതാക്കാൻ വേണ്ടി പി.എസ്.സി. നിയമന സംവിധാനത്തിൽ മാറ്റം വരുത്തുമെന്നും ബാക്കിയുള്ളതുണ്ടെങ്കിൽ എല്ലാ പിന്നോക്ക സമുദായക്കാർക്കും അത് നികത്തുവാനുള്ള ശ്രമങ്ങൾ ആരംഭിക്കുമെന്നും പറഞ്ഞിരുന്നു. അത്തരം ശ്രമങ്ങൾ ഗവൺമെന്റ് നടത്തിയിട്ടുണ്ടോ; അതിന്റെ പുരോഗതി എന്താണ്; എവിടെ എത്തി; ഈ സംവിധാനത്തിൽ എന്ത് മാറ്റം വരുത്തിയെന്ന് അറിയിക്കാൻ കഴിയുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, അത് സംബന്ധിച്ചാണ് ഞാൻ പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റി അതുസംബന്ധിച്ച് പരിശോധിക്കുന്നുണ്ട്. പരിശോധന പൂർത്തിയായാൽ ഉടൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി കെ. എസ്. സലീഖ: സർ, മുസ്ലീം പെൺകുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി അനുവദിക്കുന്ന സ്കോളർഷിപ്പ്, ഹോസ്റ്റൽ ഫീസ് ഇതിനൊക്കെ പാലോളി മുഹമ്മദ് കമ്മിറ്റി റിപ്പോർട്ടിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ അതിന്റെ മാനദണ്ഡങ്ങൾ ലഘൂകരിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, അതിന്റെ മാനദണ്ഡങ്ങൾ ലഘൂകരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. കാരണം കഴിഞ്ഞ തവണ നിശ്ചയിച്ചിട്ടുള്ളത് അപര്യാപ്തമാണെന്ന രീതിയിലുള്ള അഭിപ്രായങ്ങൾ വന്നിട്ടുണ്ട്. അത് പരിഗണിച്ചുകൊണ്ട് സ്കോളർഷിപ്പ്, ഹോസ്റ്റൽ ഫീസ് ഇവ വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ: സർ, സച്ചാർ കമ്മിറ്റി റിപ്പോർട്ട് നിലനിൽക്കുമ്പോൾ ശ്രീ. പാലോളി കമ്മിറ്റിയുണ്ടാക്കിയതിൽ ആർക്കും അഭിപ്രായ വ്യത്യാസമൊന്നുമില്ല. പക്ഷേ സച്ചാർ കമ്മിറ്റിയുടെ ശിപാർശ പ്രകാരം ഈ സംസ്ഥാനത്തിന് അർഹമായിട്ടുള്ള സാമ്പത്തികം ലഭിക്കുന്നതിന് ആവശ്യമായ പ്രോജക്ടുകൾ കണ്ടെത്താൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ? വ്യത്യസ്ത സംസ്ഥാനങ്ങളുടെ കാര്യം ശ്രീ. പി. ജയരാജൻ പറഞ്ഞു. ശരിയാണ്. അവിടെ അവർക്ക് 15 ശതമാനം, 20 ശതമാനം ആനുകൂല്യങ്ങൾ കിട്ടുന്നു. വെസ്റ്റ് ബംഗാളിലെ മുസ്ലീം സമൂഹം ആദിവാസി-ദളിത് സമൂഹത്തേക്കാൾ പുറകിലാണെന്നാണ് സച്ചാർ കമ്മിറ്റി റിപ്പോർട്ടിൽ പറയുന്നത്. നന്ദിഗ്രാമൊക്കെ അതിന്റെ അനന്തരഫലങ്ങളാണ്. അതുകൊണ്ട് സംസ്ഥാനത്ത് ചെലവഴിക്കേണ്ട പണം, സച്ചാർ കമ്മിറ്റിയിൽനിന്ന് ലഭിക്കേണ്ട പണം വാങ്ങുന്നതിനുള്ള പ്രോജക്ടുകൾ ഉണ്ടാക്കാൻ എന്നാണ് സാധ്യമാകുക?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, ബഹുമാനപ്പെട്ട ജി. കാർത്തികേയൻ ബംഗാൾ മാത്രമേ കണ്ടുള്ളൂ. ഇന്ത്യാ രാജ്യത്ത് ഇരുപത്തിയെട്ടോളം സംസ്ഥാനങ്ങളുണ്ട്. സച്ചാർ കമ്മീഷൻ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളേയും പ്രദേശങ്ങളേയും സംബന്ധിച്ച് വളരെ വ്യക്തമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിദയനീയമാണ് സ്ഥിതി. അതുകൊണ്ട് ആ സംസ്ഥാനങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്താനല്ല ഇവിടത്തെ കാര്യങ്ങൾ ആലോചിക്കാനാണ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്.. അത് തീർച്ചയായും പരിഗണിക്കും.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഇന്ത്യയിൽ ഒരിടത്തും മദ്രസ്സാദ്ധ്യാപകർക്കുവേണ്ടി ഒരു ക്ഷേമപദ്ധതി നടപ്പിലാക്കിയിട്ടില്ല. ഇവിടെ പാലോളി കമ്മിറ്റിയുടെ ശിപാർശ പ്രകാരമാണ് രാജ്യത്തിനാകെ മാതൃകയായിക്കൊണ്ട് മദ്രസ്സാദ്ധ്യാപകർക്കുവേണ്ടി ഒരു ക്ഷേമപദ്ധതി നടപ്പിലാക്കിയത്. അത് പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി ഇവിടെ ചില സാങ്കേതിക പ്രശ്നങ്ങളുണ്ടായിരുന്നു. അത് ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, മദ്രസ്സാദ്ധ്യാപകർ മുസ്ലീം സമുദായത്തിലെ ഏറ്റവും അവശതയേറിയ ഒരു വിഭാഗമാണ്. അവരെ കാര്യമായി പരിഗണിക്കണമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഈ കമ്മിറ്റി ചർച്ച നടത്തിയത്. അവർക്ക് ക്ഷേമപദ്ധതികളും പെൻഷനും അനുവദിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ആരംഭിച്ചു. അതിന്റെ പുരോഗതി ആദ്യഘട്ടത്തിൽ വേണ്ടത്ര ആശാസ്യമല്ല. അതിന് പല കാരണങ്ങളുണ്ട്. ആ കാരണങ്ങളിലേക്ക് ഞാൻ ഇപ്പോൾ പോകുന്നില്ല. പക്ഷേ അവർക്ക് മുഴുവനും അതിൽ അംഗത്വം നേടാനും ആനുകൂല്യങ്ങൾ സ്വീകരിക്കാനും പറ്റുന്ന രീതിയിൽ ആവശ്യമായ ഭേദഗതി വരുത്തി നടപ്പാക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

ശ്രീ. എം. ഉമ്മർ: സർ, അങ്ങ് ചെയർമാനായ കമ്മിറ്റി കേരളത്തിൽ ഒരു അറബിക് സർവ്വകലാശാല സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് പറയുന്നു. ആ സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ അടുത്ത ദിവസം പ്രഖ്യാപിച്ചിട്ടുള്ളത് അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടാകില്ല. കോഴിക്കോട് അത്തരമൊരു സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള പ്രഖ്യാപനമാണ് നടത്തിയിട്ടുള്ളത്.

ശ്രീ. എ. എം. യൂസഫ്: സർ, സച്ചാർ കമ്മിറ്റിയുടെ ശിപാർശകളിൽത്തന്നെ ആന്ധ്ര, ഡൽഹി, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളാണ് ഏറ്റവും പിന്നോക്കം നിൽക്കുന്നത്. എന്നാൽ പാലോളി കമ്മീഷൻ റിപ്പോർട്ട് പ്രകാരം ഇന്ന് മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പും ട്യൂഷൻ ഫീസും വർദ്ധിപ്പിക്കുവാനും ആ ആനുകൂല്യങ്ങൾ ദളിത്, ക്രൈസ്തവ വിഭാഗങ്ങൾക്കുകൂടി കൊടുക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചിട്ടുള്ള പ്രശ്നം ഗൗരവത്തോടുകൂടി കമ്മിറ്റി കാണുന്നുണ്ട്. ആവശ്യമായിട്ടുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുന്നതാണ്.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, ഇപ്പോൾ ന്യൂനപക്ഷ പിന്നോക്ക പ്രശ്നം പരിഗണിച്ചുകൊണ്ട് കേന്ദ്ര സർക്കാർ നിരവധി പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അതിന് പണവും ലഭ്യമാക്കിയിട്ടുണ്ട്. പക്ഷേ അതിന്റെ പുരോഗതി വളരെ മന്ദഗതിയിലാണ്. അത് ത്വരിതപ്പെടുത്താൻ വേണ്ടി എന്ത് നടപടിയാണ് സ്വീകരിച്ചത്?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, ഓരോ ജില്ലയിലും നടക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് റിവ്യൂ ചെയ്ത് വേഗത കൂട്ടാനും ആവശ്യമായ ക്രമീകരണങ്ങൾ വരുത്താനുമുള്ള നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ബന്ധപ്പെട്ടവരുടെ യോഗം അടിയന്തിരമായി വിളിച്ച് അത് സ്പീഡ് അപ് ചെയ്യാനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, സച്ചാർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിൽ കേന്ദ്ര ഗവൺമെന്റിന് വേണ്ടത്ര താത്പര്യമില്ലെന്നുള്ളത് വളരെ വ്യക്തമാണ്. ഇത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പരിശോധന നടത്താൻ എന്തെങ്കിലും സംവിധാനം കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുണ്ടോ? ഈ റിപ്പോർട്ട് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് കേരളത്തിന്റെ പെർഫോർമൻസിനെക്കുറിച്ച് കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതെന്താണ്?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച ചോദ്യത്തിന് ഉത്തരമില്ല. എന്നുവച്ചാൽ അങ്ങനെ ഉണ്ടായിട്ടില്ല. പക്ഷേ നമ്മുടെ പ്രവർത്തനത്തെ സംബന്ധിച്ച് വിലയിരുത്തുന്നതിനുവേണ്ടി എല്ലാ ജില്ലകളിലും അതിന്റെ ഉത്തരവാദപ്പെട്ട കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്, പരിശോധിക്കുന്നുണ്ട്. ആവശ്യമായ നിർദ്ദേശങ്ങൾ ഗവൺമെന്റിന് കിട്ടുന്നുമുണ്ട്.

അനുബന്ധം - I

22-12-2010-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1(*31-ന്റെ) ഉത്തരം മലയാളത്തിൽ ലഭ്യമാക്കുക.

1. സംസ്ഥാനത്ത് ഒരു ന്യൂനപക്ഷ ക്ഷേമ വകുപ്പിന് രൂപം നൽകുക. വിവിധ വകുപ്പുകളിൽ നിലനിൽക്കുന്ന സമാനമായുള്ള കാര്യങ്ങളെ ഈ വകുപ്പിലേക്ക് ഏകോപിപ്പിക്കുക. ഇതിന്റെ ജില്ലാതല ഭരണ കേന്ദ്രങ്ങൾ കൂടി ആരംഭിക്കുക.

2. മുസ്ലീം പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട അടിയന്തിര നടപടികളുടെ ഭാഗമായി വകുപ്പ് രൂപീകരണത്തിന് മുന്നോടിയായി സംസ്ഥാന സെക്രട്ടേറിയറ്റിൽ ന്യൂനപക്ഷ ക്ഷേമ സെൽ രൂപീകരിക്കുക.

3. മദ്രസ്സാ അദ്ധ്യാപകർക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തുക. ഇതിന്റെ പ്രാരംഭ പ്രവർത്തനത്തിന് സർക്കാർ ഒരു കോടി രൂപ ഗ്രാന്റ് നൽകുക. പ്രതിവർഷം ഒരു കോടി രൂപയെങ്കിലും പ്രവർത്തന ഗ്രാന്റ് അനുവദിക്കുക.

4. സച്ചാർ കമ്മിറ്റി റിപ്പോർട്ട് നിർദ്ദേശങ്ങൾ എസ്സി./എസ്ടി. പദ്ധതി നിർവ്വഹണം പോലെ സത്വര വേഗതയിൽ നടപ്പിലാക്കുക.

5. ന്യൂനപക്ഷ പാക്കേജ് കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, എറണാകുളം, കൊല്ലം, ആലപ്പുഴ, എന്നീ ജില്ലകളിൽ കൂടി ഉടനെ നടപ്പാക്കുക. ഇതിനാവശ്യമായ നടപടി കേന്ദ്ര സർക്കാരുമായി ആലോചിച്ച് നടപ്പിൽ വരുത്തുക.

6. മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ് വിഷയത്തിൽ അടിയന്തര പരിഗണന നൽകുക. ആവശ്യമായ തുക അനുവദിക്കുക.

7. വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് അടിയന്തര പരിഗണന നൽകുക.

8. സംവരണ നഷ്ടം സംബന്ധിച്ച പ്രശ്നത്തിൽ ബന്ധപ്പെട്ടവരുമായുള്ള ചർച്ചയും കമ്മിറ്റി പ്രവർത്തനവും ഉടനടി ആരംഭിക്കുക. താൽക്കാലിക നിയമങ്ങൾക്ക് ഉടനടി നടപടി സ്വീകരിക്കുക.

9. ദഖ്നി, കച്ചി, മെമൻ എന്നീ വിഭാഗങ്ങളെ സംവരണ വിഭാഗത്തിലെ സംവരണ വിഭാഗത്തിൽ ചേർക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുക.

10. തീരദേശങ്ങളിലും മലയോര പ്രദേശങ്ങളിലുമുള്ള മുസ്ലീങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പ്രത്യേക പരിപാടികൾക്ക് രൂപം നൽകുക.

LIBRARY ARCHIVES Kerala Legislative Assembly